# മെത്രാപ്പോലീത്തായുടെ കത്ത്

(മെയ് 2015)



**കർത്താവിൽ പ്രിയരേ,**

സഭയുടെയും രാഷ്ട്രത്തിന്റെയും ഒരു സാമ്പത്തിക വർഷം അവസാനിച്ച്, പുതുപുത്തൻ പ്രതീക്ഷകളോടും പുതിയ ദർശനത്തോടും പുതിയ സാധ്യതകളോടും കൂടി ഒരു പുതുവർഷത്തെ സ്വാഗതം ചെയ്യുന്ന അനുഭവമായിരുന്നു നാം പിന്നിട്ടത്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ മനുഷ്യനായി നിലനിർത്തുന്ന മനുഷ്യത്വം എന്ന മൂല്യം നഷ്ടപ്പെട്ടതിന്റെ അടയാളങ്ങളാണ് ലോകമെങ്ങും നാമിന്നു കണ്ടുകൊണ്ടിരിക്കുന്നത്.

മതതീവ്രവാദികളുടെയും സങ്കുചിത രാഷ്ട്രീയ ലാഭമോഹികളുടെയും പ്രവർത്തനങ്ങൾ മനഃസാക്ഷിയെത്തന്നെ മരവിപ്പിക്കുംവിധം സമൂഹമനസിനെ അരാജകത്വത്തിലേക്കും നിഷ്ക്രിയത്വത്തിലേക്കും നയിക്കുന്ന രീതിയിൽ പരിണമിച്ചുകൊണ്ടിരിക്കുകയാണ്. ഇവയുടെയെല്ലാം മധ്യത്തിലാണ് ഈസ്റ്റർ നല്കുന്ന ഉയിർപ്പിന്റെ സുവിശേഷം നാം ധ്യാനിച്ചത്. ഏത് അന്ധകാരത്തിലും ഏതു പ്രതിസന്ധിയിലും പ്രതീക്ഷയുടെ തിരിനാളങ്ങൾ തെളിയിക്കുവാനും പ്രത്യാശയുടെ പ്രഭാപൂരം സൃഷ്ടിക്കാനും കഴിയുന്ന ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമ്മുടെ കർത്താവും ദൈവവുമാണ്. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ യേശുവിനെ അടക്കം ചെയ്ത കല്ലറയുടെ സമീപത്തേക്കു കടന്നുചെന്ന സ്ത്രീകളുടെ മനസ്സിലുണ്ടായിരുന്ന പ്രധാന പ്രശ്നം 'കല്ല് ആര് ഉരുട്ടിനീക്കും' എന്നതായിരുന്നുവെങ്കിൽ ലക്ഷ്യസ്ഥാനത്ത് എത്തിയപ്പോൾ ആ പ്രശ്നം പരിഹരിക്കപ്പെട്ടിരുന്നു എന്ന വചനസത്യം നാം വിസ്മരിക്കരുത്. തുറക്കപ്പെട്ട കല്ലറയാണ് അവർ കണ്ടത്. യേശു ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന വാർത്ത അറിയിക്കുന്ന ദൈവദൂതനെയും തുടർന്ന് ഉയിർത്തെഴുന്നേറ്റ യേശുവിനെത്തന്നെയും അവർക്കു ദർശിക്കുവാൻ സാധിച്ചു. പ്രതിസന്ധികൾ വരുമ്പോൾ അതിൽ നിന്നും ഓടിയകലുകയല്ല, ദൈവാശ്രയത്തോടു കൂടി അവയെ ശരിയായി അഭിമുഖീകരിപ്പാൻ തയ്യാറാവുകയാണ് വേണ്ടത് എന്ന് ദൈവവചനം നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു.

രാഷ്ട്രത്തിന്റെ പുരോഗതിയും ലോകത്തിന്റെ പുരോഗതിയും എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ചുള്ള ചർച്ചകൾ ലോകരാഷ്ട്രങ്ങളുടെ നേതാക്കന്മാർ തമ്മിലും രാഷ്ട്രങ്ങളിലും നടക്കുന്ന ഒരു കാലഘട്ടമാണിത്. ഒരു കാര്യം നാം പ്രത്യേകം ഓർക്കേണ്ടതായിട്ടുണ്ട് – വികസനംകൊണ്ടു മാത്രം രാഷ്ട്രത്തിനു പുരോഗതി ഉളവാകുകയില്ല, രൂപാന്തരവും കൂടി ചേരുമ്പോൾ മാത്രമേ വികസനം പോലും സാധ്യമാകുകയുള്ളൂ. വ്യത്യസ്തങ്ങളായ പ്രത്യയശാസ്ത്രങ്ങളും തത്വസംഹിതകളും മതവിശ്വാസങ്ങളും ഉള്ളപ്പോൾപോലും നാനാത്വത്തിൽ ഏകത്വം ദർശിച്ച് ഏകോദര സഹോദരരായി ഒരൊറ്റ ജനതയായി ഒരൊറ്റ മനസ്സോടെ രാഷ്ട്രനന്മയ്ക്കുവേണ്ടി ഒരുമിച്ചു നിന്ന കാലഘട്ടങ്ങളിലാണ് നമ്മുടെ രാഷ്ട്രം തന്നെയും വലിയ മുന്നേറ്റങ്ങൾ നടത്തിയിട്ടുള്ളത്. മഹാത്മാഗാന്ധി നേതൃത്വം നൽകിയ ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രം തന്നെയും ഇതിനു തെളിവാണ്. നമ്മുടെ സംസ്ഥാനത്തിലെ രാഷ്ട്രീയ സംഭവ വികാസങ്ങളും ഇന്ത്യയിൽ അടുത്തകാലത്തായി രൂപപ്പെട്ടുവരുന്ന ദുഷ്പ്രവണതകളും രാജ്യസ്നേഹികളും മനുഷ്യസ്നേഹികളുമായ ആർക്കും വേദനയും ആശങ്കയും ഉളവാക്കുന്ന തരത്തിലാണ് എന്ന സത്യം മൂടിവെച്ചിട്ടു കാര്യമില്ല. നമ്മുടെ പ്രധാനമന്ത്രിയും നമ്മുടെ സംസ്ഥാന മുഖ്യമന്ത്രിയും വിഭാവനം ചെയ്യുന്ന നല്ല കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനു വിഘാതം നിൽക്കുന്നതാണ് ഇത്തരം സംഭവവികാസങ്ങൾ എന്നു നാം തിരിച്ചറിയണം.

ആഗോളവ്യാപകമായിത്തന്നെ വിവിധ രാജ്യങ്ങൾ സന്ദർശിച്ച നമ്മുടെ പ്രധാനമന്ത്രി നടത്തുന്ന വലിയ പ്രഖ്യാപനങ്ങൾ വികസനോന്മുഖമാണെങ്കിലും അവ ഇന്ത്യയിലെ സാധാരണക്കാരുടെയും മുഖ്യധാരയിൽ നിന്നും അകന്ന് താഴേത്തട്ടിൽ കഴിയുന്നവരുടെയും അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ എത്രത്തോളം പര്യാപ്തമാണ് എന്നു ചിന്തിക്കേണ്ടതായിട്ടുണ്ട്. വംശഹത്യയ്ക്കുതന്നെ പ്രേരണ നൽകുന്ന മട്ടിലുള്ള, മതവിദ്വേഷം വളർത്തുന്ന പ്രസ്താവനകൾ ഈ രാജ്യത്ത് ഉയരുകയും 'ഘർവാപസി' പോലുള്ള മുദ്രാവാക്യങ്ങൾ പുറപ്പെടുകയും ചെയ്യുമ്പോൾ സ്വാമി വിവേകാനന്ദൻ പണ്ട് കേരളത്തെ വിശേഷിപ്പിച്ചതുപോലുള്ള ഒരു ഭ്രാന്താലയമായി നമ്മുടെ രാജ്യം തീരുകയാണോ എന്ന ചിന്ത രാജ്യത്താകമാനം ഒരു ആശങ്കയായി പടരുകയാണ്. ഇത്തരം പ്രകോപനപരമായ പ്രവണതകളെയും പ്രസ്താവനകളെയും നിയന്ത്രിക്കാൻ നമ്മുടെ പ്രധാനമന്ത്രിക്ക് കഴിയണം. എങ്കിൽ മാത്രമേ വികസനമുദ്രാവാക്യങ്ങൾക്കു പോലും പ്രസക്തിയുണ്ടാവുകയുള്ളൂ. ലോകരാഷ്ട്രങ്ങളുടെ ഭരണഘടനകളിൽ വച്ച് ഏറ്റവും ശക്തമായ ഭരണഘടനയാണ് നമ്മുടെ രാഷ്ട്രത്തിന്റെ ഭരണഘടന. ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും മൂല്യങ്ങൾ വ്യക്തവും ശക്തവുമായി പ്രഖ്യാപിക്കുന്ന നമ്മുടെ ഭരണഘടനയുടെ ശില്പിയായ ഡോ. ബി. ആർ. അംബേദ്കറുടെ ജന്മദിനം ഏപ്രിൽ 14ന് രാജ്യമെമ്പാടും ആചരിക്കുകയുണ്ടായി. ഒരു ഭരണഘടനയുടെ കരുത്ത് വ്യക്തമാകേണ്ടത് അത് അംഗീകരിക്കുകയും അതിനെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ജനങ്ങളിലൂടെയാണ്. നമ്മുടെ മതേതരത്വത്തിന്റെയും സാഹോദര്യത്തിന്റെയും ആത്മാവിനെ വീണ്ടെടുക്കുവാൻ നാം പ്രതിജ്ഞ എടുക്കേണ്ട സന്ദർഭങ്ങളായി ഇത്തരം ദിനാചരണങ്ങൾ ഭാവിയിലും തീരട്ടെ എന്ന് ആശിക്കാം.

രണ്ടാം ലോകമഹായുദ്ധം തകർത്തുകളഞ്ഞ മാനവരാശിയുടെ പ്രതീക്ഷകൾ വീണ്ടെടുക്കുമ്പോൾ ക്രിസ്തുകേന്ദ്രീകൃതമായ വേദശാസ്ത്രത്തിന്റെ വക്താക്കളായി ഡിട്രിച്ച് ബോൺ ഹോഫറിനെപ്പോലുള്ള വേദശാസ്ത്രചിന്തകർ രംഗത്തു വരികയുണ്ടായി. അക്കൂട്ടത്തിൽ നമ്മുടെ ഇടയിൽ നിന്നും ഉദി

ച്ചുയർന്ന ഒരു സാമൂഹ്യ വേദശാസ്ത്രചിന്തകനാണ് ഡോ. എം.എം. തോമസ്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി സമുചിതമായി സഭയായി ആചരിക്കുവാൻ ക്രമീകരണം ചെയ്തുവരികയാണ്. അനുദിനം കലുഷിതമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാമൂഹ്യരാഷ്ട്രീയ മേഖലകളിൽ സാമൂഹ്യാവബോധത്തിന്റെയും പ്രതീക്ഷകളുടെയും തിരിനാളങ്ങൾ തെളിയിക്കുവാൻ ഈ അനുസ്മരണം ഉപയുക്തമായിത്തീരട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

കേരളരാഷ്ട്രീയം എങ്ങോട്ട്? എന്നത് ഇന്നു കേരളീയർ മാത്രമല്ല മറ്റുള്ളവരും ഉത്കണ്ഠയോടു കൂടിയാണ് വീക്ഷിച്ചുകൊണ്ടിരിക്കുന്നത്. സാക്ഷരതയിൽ ഉന്നതപദവി അവകാശപ്പെടുന്ന 'ദൈവത്തിന്റെ സ്വന്തം നാട്' എന്നു വിശേഷിക്കപ്പെട്ട നമ്മുടെ നാട്ടിൽ ഇന്നു നടമാടുന്ന രാഷ്ട്രീയ നാടകങ്ങൾ നമ്മുടെ നാടിനൊരിക്കലും ഭൂഷണമാകുകയില്ല. ആരോപണ പ്രത്യാരോപണങ്ങളും വ്യക്തിഹത്യയും ഒരു ദിനചര്യപോലെ ഇന്ന് മാറിയിരിക്കുന്നു. അഴിമതിയുടെ ചെളിക്കുണ്ടിൽ നിന്നും നമ്മുടെ നാടിനെ കരകയറ്റുവാൻ എല്ലാവരും കൂടിച്ചേർന്ന് പരിശ്രമിച്ചില്ലായെങ്കിൽ കേരളമൊരു അഴിമതിയുടെ മാലിന്യക്കൂമ്പാരമായി മാറിക്കൊണ്ടിരിക്കും. അപ്പോസ്തലനായ വിശുദ്ധ പൗലോസ് എഴുതിയത് ഇന്ന് കേരളസമൂഹത്തിൽ ഒരു നേർക്കാഴ്ചയായി കാണുകയാണ്: “നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായി വരുന്നു എന്നറിഞ്ഞു വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോട് എതിർത്തു നിൽപ്പീൻ”. (1 പത്രോസ് 5:8,9). നമ്മുടെ രാഷ്ട്രീയ നേതാക്കൾക്ക് സഹകരണബുദ്ധിയും വിവേകവും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവമേ, നിന്റെ കൃപയാൽ ഞങ്ങളുടെ സംസ്ഥാനത്തെ രാഷ്ട്രീയ കാലാവസ്ഥയ്ക്ക് ഒരു രൂപാന്തരം വരുത്തണമേ എന്നും പ്രാർത്ഥിക്കാം.

സഭയായി നാം ഒരു പുതിയ സാമ്പത്തികവർഷത്തിലേക്കു പ്രവേശിക്കുകയാണ്. പുതിയ സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെക്കുറിച്ച് ആലോചനകൾ നടക്കുന്ന ഒരു സന്ദർഭമാണിത്. സഭയുടെ ആകമാനമായ വളർച്ചകൂടി മുൻപിൽ കണ്ടുകൊണ്ടു വേണം ഭദ്രാസനങ്ങൾ ബഡ്ജറ്റ് തയ്യാറാക്കേണ്ടത്. ഭദ്രാസനങ്ങൾ മാത്രം വളർന്നാൽ പോരാ, സഭയും വളരണം. അല്ലാത്ത പക്ഷം 'കൈ വളർന്നു, കാലു വളർന്നില്ല, ശരീരം വളർന്നു, തല വളർന്നില്ല' എന്ന വികലമായ അവസ്ഥ സംജാതമാകും. ഇതൊരിക്കലും അഭിലഷണീയമല്ല. 5ലക്ഷത്തിലധികം രൂപയുടെ വായ്പ ഭദ്രാസനങ്ങളാകട്ടെ, ഇടവകയാകട്ടെ എടുക്കുകയാണെങ്കിൽ അക്കാര്യം സഭാകൗൺസിലിനെ അറിയിച്ച് മുൻകൂർ അനുമതി വാങ്ങിയിരിക്കണം എന്ന മുൻതീരുമാനം പ്രാവർത്തികമാക്കുന്നതിൽ നിഷ്കർഷ പാലിക്കേണ്ടതാണ്. ഭദ്രാസനത്തിന്റെയും സഭയുടെയും വിഭവശേഷി വിനിയോഗിക്കുന്നതിൽ കൂടുതൽ ജാഗ്രതയും ശ്രദ്ധയും ഉണ്ടാകേണ്ടതായിട്ടുണ്ട്. നമ്മുടെ സാമ്പത്തികശേഷിയുടെ വിനിയോഗത്തിന്റെ റിട്ടേൺസ് നിയമാനുസരണം കൊടുക്കേണ്ടതുപോലെ കൊടുക്കുവാൻ ശ്രദ്ധിക്കണം. പലിശ ലഭ്യമാകുന്നതിൽ ഉപരിയായ വരുമാനം പ്രതീക്ഷിക്കത്തക്കവിധത്തിൽ വിഭവ സമാഹരണം നടത്തണം. ഒരു വരുമാനവും ലഭിക്കാത്ത വിധം നിശ്ചല നിക്ഷേപമായി (Dead investment) ഒരു നിക്ഷേപവും തീരാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വരുമാനം സാമൂഹ്യ പ്രതിബദ്ധതയോടു കൂടി വിനിയോഗിക്കത്തക്കവിധം ബഡ്ജറ്റുകൾ തയ്യാറാക്കണം.

പുതിയ സാമ്പത്തിക വർഷത്തിൽ നാം ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം – നിലവിൽ വന്നുചേർന്നിരിക്കുന്ന സാഹചര്യങ്ങളെ മനസ്സിലാക്കി നമുക്കു രാഷ്ട്രത്തിൽ നിന്നും ലഭിച്ചിരിക്കുന്ന അനുകൂലതകൾക്ക് വിഘാതം വരാത്തവിധം സാമ്പത്തികമായ സ്വീകരണവും വിനിയോഗവും ശാസ്ത്രീയമായിരിക്കണം എന്നതാണ്. ഏതെങ്കിലും പ്രതിസന്ധി അനുഭവപ്പെട്ടാൽ സാമ്പത്തിക വിദഗ്ദ്ധരുടെ മാർഗ്ഗനിർദ്ദേശം തേടേണ്ടതാണ് എന്നും ഓർമ്മിപ്പിക്കുന്നു. ആയതിൽ എന്തെങ്കിലും പ്രയാസങ്ങൾ അനുഭവപ്പെട്ടാൽ ആ വിവരം ഉടനെതന്നെ ഇവിടെ അറിയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും വീഴ്ച വരുത്തിയാൽ ഇടവകവികാരിയും ട്രസ്റ്റിയും ഉത്തരവാദികളായിരിക്കും. ഇപ്രകാരം നിർദ്ദേശം നൽകുന്നത് ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയത്തിന്റെ പശ്ചാത്തലത്തിലത്രേ.

മധ്യവേനൽ അവധിക്കാലം യുവജനസമ്മേളനങ്ങളും സ്റ്റുഡൻസ് കോൺഫറൻസും വി.ബി.എസ്സ്. ക്ലാസ്സുകളുമെല്ലാം നടക്കുന്ന സന്ദർഭമാണല്ലോ. ക്രിസ്തുവിനോടുള്ള വിധേയത്വത്തിൽ നമ്മുടെ ദൗത്യം കണ്ടെത്തുവാനും സ്രഷ്ടാവായ ദൈവത്തോടും സമസൃഷ്ടികളോടുള്ള ബന്ധത്തിൽ വളരുവാനുള്ള പ്രതിബദ്ധത തിരിച്ചറിയുവാനും ഇത്തരം സമ്മേളനങ്ങളിലൂടെയും ക്ലാസുകളിലൂടെയും കഴിയട്ടെ എന്നാശംസിക്കുന്നു.

നമ്മുടെ എം.ടി & ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിലെ 15 സ്കൂളുകളിൽ 13 സ്കൂളുകൾക്ക് ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം നേടുവാൻ കഴിഞ്ഞു എന്നത് ചരിത്രപരമായ ഒരു നേട്ടം തന്നെയാണ്. പത്തനംതിട്ടയിലും തിരുവല്ലാ എസ്.സി.എസ് ലും ഓരോ കുട്ടി വീതം പരാജയപ്പെട്ടുവെങ്കിലും ഈ സ്കൂളുകൾക്കെല്ലാം മുൻവർഷങ്ങളേക്കാൾ മികച്ച വിജയം നേടുവാൻ കഴിഞ്ഞു എന്നതും പ്രസ്താവ്യമാണ്. നമ്മുടെ എല്ലാ സ്കൂളുകളിലും മികച്ച വിജയം കരസ്ഥമാക്കുവാൻ കഠിനാദ്ധ്വാനം ചെയ്ത അധ്യാപകരെയും പ്രഥമാധ്യാപകരെയും അവരുടെ അധ്വാനം രുചിച്ചറിഞ്ഞും പ്രയോജനപ്പെടുത്തിയും വിജയം കരസ്ഥമാക്കിയ കുട്ടികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ സ്കൂളുകളെല്ലാം സന്ദർശിച്ച് തികഞ്ഞ സമർപ്പണത്തോടും ആത്മാർത്ഥതയോടും കൂടി പ്രോത്സാഹനവും പ്രബോധനവും നല്കിയ സ്കൂൾസ് മാനേജർ ശ്രീമതി സൂസമ്മ മാത്യുവിന്റെ നേതൃത്വം ഈ അഭിമാനകരമായ വിജയത്തിന്റെ പിന്നിലെ ഒരു പ്രധാന ഘടകമാണ്. മാനേജരെയും മാനേജ്മെന്റിനേയും സ്കൂൾ ബോർഡിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. അടുത്ത വർഷം എല്ലാ സ്കൂളിനും 100% വിജയം കൈവരിക്കട്ടെ എന്നാശംസിക്കുന്നു.

ജൂൺമാസത്തിലെ വിദ്യാരംഭത്തിനായി ലക്ഷോപലക്ഷം കുരുന്നുകൾ ഒരുങ്ങുന്ന ഒരു സന്ദർഭം കൂടിയാണല്ലോ ഇത്. ജീവിതത്തിന്റെ ചവിട്ടുപടികൾ ഓരോന്നായി കയറുവാൻ തുടങ്ങുമ്പോൾ 'യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു' എന്ന വചനസാരം തിരിച്ചറിഞ്ഞ് ഓരോ ചുവടും വെയ്ക്കുവാൻ ശ്രദ്ധിക്കണം. ഉന്നതമായ ജീവിതദർശനം നൽകുന്ന അദ്ധ്യാപകരെ നമ്മുടെ സ്കൂളുകൾക്ക് ലഭിക്കേണ്ടത് ഏറെ ആവശ്യമാണ്. നമ്മുടെ കുരുന്നുകളുടെ വിദ്യാഭ്യാസത്തിന് നാമെല്ലാം ഏറെ പ്രാധാന്യം നൽകേണ്ടതുണ്ട്. അമ്മമാരുടെ വാത്സല്യത്തോടുകൂടി പഠിപ്പിക്കുവാൻ കഴിയുന്ന അദ്ധ്യാപികമാരുടെ സേവനം ഇക്കാര്യത്തിൽ വളരെ വിലപ്പെട്ടതാണ്, അനുകരണീ

യവും ആദരണീയവുമാണ്.

ഉപരിവിദ്യാഭ്യാസത്തിന്റെ പുതിയ വാതായനങ്ങൾ തേടുന്നവർ ദൈവഹിതം തേടി തങ്ങളുടെ പാത തിരഞ്ഞെടുക്കുവാൻ ശ്രദ്ധ പതിപ്പിക്കണം. പണം സമ്പാദിക്കൽ മാത്രമാണ് ജീവിതലക്ഷ്യം എന്നു വിചാരിക്കുന്നവർ വഴുവഴുപ്പുള്ള പടവിലാണ് കാലൂന്നിയിരിക്കുന്നത് എന്ന കാര്യം മറക്കരുത്. നമുക്കുള്ള എല്ലാ കഴിവുകളും ദൈവത്തിന്റെ ദാനമെന്നറിഞ്ഞു നമുക്കു ലഭിക്കുന്ന എല്ലാ പദവികളും അവസരങ്ങളും നമ്മുടെയത്രയും ഭാഗ്യം ലഭിച്ചിട്ടില്ലാത്തവരുടെ ആവശ്യത്തിനായും കൂടി ഉപയോഗിക്കുവാൻ കഴിയണം. മൂല്യബോധത്തിൽ വളരാൻ ആഗ്രഹിക്കുന്ന കുട്ടികളും മൂല്യബോധമുള്ള അധ്യാപകരും ഒത്തുചേരുന്ന ഒരു സംവത്സരമായി പുതിയ അധ്യയനവർഷം തീരേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

നമ്മുടെ തെള്ളിയൂർ എം.സി.ആർ.ഡി. സ്കൂളിലെ യോഹന്നാൻ ചാണ്ടി എന്ന കുട്ടി ലോസ് ആഞ്ചൽസിൽ നടക്കുന്ന സ്പെഷ്യൽ ഒളിംപിക്സിൽ പങ്കെടുക്കാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. എം.സി.ആർ.ഡി. ഡയറക്ടറായി പ്രവർത്തിക്കുന്ന റവ. ജേക്കബ് വർഗീസ് അച്ചനോടൊപ്പമായിരിക്കും ലോസ് ആഞ്ചൽസിലേക്കു യോഹന്നാൻ ചാണ്ടി യാത്രയാകുന്നത്. യോഹന്നാൻ ചാണ്ടിയ്ക്ക് എല്ലാവിധമായ വിജയാശംസകളും നേരുന്നു. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട യോഹന്നാൻ ചാണ്ടിയെയും പരിശീലിപ്പിച്ച തെള്ളിയൂർ എം.സി.ആർ.ഡി.യെയും നേതൃത്വം നൽകുന്നവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

അമേരിക്കയിലെ ഹൂസ്റ്റണിൽ വികാരിയായിരിക്കുന്ന റവ. ഡോ. സാജു മാത്യു അച്ചൻ Best Gospel Magician 2015 ആയി തിരഞ്ഞെടുക്കപ്പെടുകയും പ്രശസ്തമായ Merlin Award-ന് അർഹനായി ആദരിക്കപ്പെടുകയും ചെയ്തു. മാജിക് എന്ന കലയിൽ ശ്രദ്ധേയനായിത്തീർന്നിരിക്കുന്ന അച്ചനെ പ്രത്യേകം അനുമോദിക്കുന്നു.

ഹോസ്കോട്ടായിലും കറ്റാനത്തും B.Sc Nursing Course ഉം M.Sc Nursing Course ഉം ആരംഭിക്കുന്നതിന് യഥാക്രമം കർണ്ണാടകത്തിലെയും കേരളത്തിലെയും സംസ്ഥാന ഗവണ്മെന്റുകളുടെ അനുമതി ലഭിച്ചിട്ടുണ്ട്. പുതുവർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. താല്പര്യമുള്ളവർ ഈ അവസരം തക്കത്തിൽ പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും. കുമ്പനാട് നേഴ്സിംഗ് കോഴ്സിന് അപേക്ഷ നൽകിയിട്ടുണ്ട്. കറ്റാനത്ത് ഫാർമസി കോളേജിനുള്ള അനുമതിയും ഭാഗികമായി ലഭ്യമായിട്ടുണ്ട്. ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ ഒരു കമ്മീഷൻ വന്നു സന്ദർശനം നടത്തി. പൂർണ്ണ അനുമതി ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവേശനത്തിന് ആഗ്രഹിക്കുന്നവർ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റർമാരോട് കൂടുതൽ വിവരങ്ങൾ അന്വേഷിക്കാവുന്നതാണ്.

2016 ആരംഭത്തോടുകൂടി ഭദ്രാസന അദ്ധ്യക്ഷന്മാരുടെ ചുമതലകൾ നിയമാനുസരണം വ്യത്യാസപ്പെടുത്തേണ്ടതായി വരുമെന്നതിനാൽ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന പ്രോജക്ടുകൾ പൂർത്തീകരിപ്പാൻ ഭദ്രാസന കൗൺസിലുകൾ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തിക ബാധ്യതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാനും പ്രത്യേകം ശ്രദ്ധിച്ച് ചുമതലകൈമാറ്റം സുഗമമാക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം.

പുതിയ മാസത്തെ ധ്യാനം ആരംഭിക്കുന്നത് മെയ്ദിനത്തിന്റെ സാംഗത്യം ഓർമ്മിപ്പിച്ചുകൊണ്ടാണ്. ഉയിർത്തെഴുന്നേറ്റ കർത്താവിലുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായി നമ്മുടെ വിശ്വാസജീവിതത്തിന്റെ ആവിഷ്ക്കാരം നിർവ്വഹിക്കാനുള്ള ദൈവദത്തമായ ഇടങ്ങളാണ് നമ്മൾ ആയിരിക്കുന്ന തൊഴിൽ മേഖലകൾ എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ഉയിർത്തെഴുന്നേറ്റ കർത്താവിനെ മുഖാമുഖം ദർശിച്ച ശേഷവും പത്രോസ് ഉൾപ്പെടെ ഏഴുപേർ കർത്താവ് ഏൽപ്പിച്ച ദൗത്യം മറന്ന് പഴയ തൊഴിൽമേഖലയിലേക്ക് ഇറങ്ങിത്തിരിച്ചതിന്റെ വ്യക്തമായ ഒരു രേഖപ്പെടുത്തൽ വി. യോഹന്നാൻ എഴുതിയ സുവിശേഷം 21-ാം അദ്ധ്യായത്തിൽ കാണാം; പ്രശ്നസങ്കീർണ്ണമായ ഒരു അന്തരീക്ഷത്തിൽ 'ഇനിയെന്ത്?' എന്ന ചോദ്യത്തിനുള്ള ഉത്തരം സ്വയം കണ്ടെത്താൻ ശ്രമിച്ച അവർ അവരുടെ ചിരപരിചിതമായ തൊഴിലിൽ എന്തുകൊണ്ട് പരാജയപ്പെട്ടു എന്നത് ഗൗരവമായി നാം ചിന്തിക്കണം. തങ്ങളുടെ കഴിവിലും അനുഭവസമ്പത്തിലും മാത്രം ആശ്രയിച്ചപ്പോൾ അവർ പരാജിതരായിത്തീർന്നു. കർത്താവിനെക്കൂടാതെ ഏതു തൊഴിൽ മേഖലയിൽ നാം അദ്ധ്വാനിച്ചാലും ഫലശൂന്യതയും നിരാശയും മാത്രമായിരിക്കും ഫലം. അത് മാതൃകയാക്കിയാൽ അവരുടെ അനുഭവം തന്നെയായിരിക്കും നമുക്കുമുണ്ടാകുന്നത്. യേശുവിന്റെ സാന്നിദ്ധ്യത്തിൽ യേശുവിന്റെ വാക്ക് അനുസരിച്ചപ്പോൾ അവർ വീണ്ടും സാധ്യതകൾ കണ്ടെത്തി. മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസിനെക്കൊണ്ട് മൂന്നുപ്രാവശ്യം തന്നോടുള്ള സ്നേഹം പ്രഖ്യാപിക്കുവാൻ യേശു അവസരം ഒരുക്കി. 'നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ'? എന്നതിനേക്കാൾ 'നീ ഇവയിൽ അധികമായി തന്നെ സ്നേഹിക്കുന്നുവോ' എന്ന അർത്ഥമാണ് യേശുവിന്റെ ചോദ്യത്തിൽ മൂലപദത്തോട് ഏറ്റവും ചേർന്നു നിൽക്കുന്നത് എന്നു നാം മനസ്സിലാക്കണം. പിന്നെയും 'ഇനിയെന്ത്?' എന്ന ചോദ്യം അവർ അഭിമുഖീകരിക്കുന്നുണ്ട്. അതിനു ലഭിച്ച ഉത്തരമാണ് 'എന്റെ സാക്ഷികൾ ആകുവിൻ' എന്ന നിയോഗം. നിയോഗം നൽകുകമാത്രമല്ല പരിശുദ്ധാത്മാഭിഷേകത്തിലൂടെ നിയോഗം ഏറ്റുവാങ്ങുവാനും നിർവ്വഹിക്കുവാനുമുള്ള ശക്തിയും ബലവും ദൈവം അവർക്കു നൽകി. നമ്മുടെ സകല കഴിവുകളെയും കർത്താവിന്റെ കരങ്ങളിലേക്കു വിട്ടുകൊടുക്കുമ്പോഴാണ് പരിശുദ്ധാത്മാഭിഷേകം അനുഭവമായിത്തീരുന്നത്. പെന്തെക്കോസ്തു നാളിനെ നാം അനുസ്മരിക്കുമ്പോൾ ത്രിത്വദർശനമാണ് പ്രധാനചിന്തയായി വളരുന്നത്. പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവായ ദൈവം - ഈ ത്രിത്വത്തിൽ പിതാവായ ദൈവത്തെ നാം ക്രിസ്തുവിൽ കാണുകയാണ്. പുത്രനായ ദൈവത്തിൽ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും പിതാവായ ദൈവം സൃഷ്ടിച്ച ശരിയായ മനുഷ്യമുഖം നാം കാണുന്നു. ഈ കാഴ്ച നമുക്കു സാധ്യമായിത്തീരുന്നത് പരിശുദ്ധാത്മാഭിഷേകത്തിലൂടെയാണ്. കണ്ടാലും ക്രിസ്തു പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാണ്. സ്രഷ്ടാവായ ദൈവത്തെ പുത്രനായ ദൈവത്തിലൂടെ പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഭിഷേകത്തിലൂടെ നമുക്കൊരു യാഥാർത്ഥ്യമായി അനുഭവിക്കാൻ സാധിക്കും.

ത്രിയേക ദൈവത്തിനു സ്തുതി. പരിശുദ്ധത്രിത്വമേ, അവിടുത്തെ നാമം മഹത്വപ്പെടട്ടെ.

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
21-04-2015

ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ